Page 1 of 2

1. കരുവഞ്ചാൽ പാലം - (2021-2022) ബഡ്ജറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. വട്ട്യാംതോട് പാലം - എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു.

ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം

68 (817) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഏതൊക്കെ തലങ്ങളിലാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും; സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കോതറത്തോട് പാലം നിർമ്മാണത്തിനുവേണ്ടി പൊതുമരാമത്ത് പാലം വിഭാഗം സർവ്വേയും മണ്ണുപരിശോധനയും നടത്തി ഡിസൈൻ പൂർത്തീകരിക്കുകയും അതുപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ 29-11-2019-ൽ 22.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. അതിനുശേഷം 14-8-2020-ൽ 124 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനും 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനുംവേണ്ടിയുള്ള അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കുന്നുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

കിഫ്ബി പ്രവൃത്തികൾക്കുള്ള തടസ്സം

69 (818) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തികളായ മുള്ളറവിള-ആയയിൽ പാലം, കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി പൂർത്തീകരിക്കേണ്ട നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആയയിൽ-മുള്ളറവിള പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കന്നിപ്പുറം പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയായ 5,08,26,880 രൂപ (അഞ്ച് കോടി എട്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി എൺപത് രൂപ) കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 18(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം പുനർനിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള ഡി.പി.ആർ. ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പ്രാരംഭ പ്രവൃത്തിയായ മണ്ണ് പരിശോധന, Site Survey എന്നിവയ്ക്കുള്ള ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂട്ടമുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം നിർമ്മാണം

70 (819) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കൂട്ടമുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(എ&ബി) ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്